**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6401** **20-03-2023 - ൽ മറുപടിയ്ക്ക്**

**വനാധിഷ്ഠിത ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാധിഷ്ഠിത ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനാധിഷ്ഠിത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി മെച്ചപ്പെട്ട വരുമാനവും ജീവിത നിലവാര ഉയർച്ചയും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വനാധിഷ്ഠിത ഇക്കോടൂറിസം നടപ്പാക്കി വരുന്നത്. വനം വകുപ്പിന് കീഴിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നിലവിൽ 60 അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | വനാശ്രിത സമൂഹത്തിന് പ്രയോജനപ്രദമായ വിധത്തിൽ ഇക്കോ ടൂറിസം പദ്ധതികൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ അവർക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്നതിനും അതുവഴി ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ടാണ് കേരളത്തിൽ ഇക്കോടൂറിസം നടപ്പാക്കി വരുന്നത്. നിലവിൽ **60** ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന **VSS/EDC** കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ്-പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും, പരിപാലനത്തിനുമായും സമിതി അംഗങ്ങളെ നിയോഗിച്ചു വരുന്നു. എല്ലാവർക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിൽ സമിതി അംഗങ്ങളെ ഇത്തരത്തിൽ നിയോഗിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | 2016-17 മുതൽ ഇക്കോ ടൂറിസം ഡയറക്ടറേറ്റ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | (സി) | വനം വകുപ്പിന്റെ കീഴിൽ ഇക്കോട്ടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് രൂപീകരികരണത്തിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പദവിയിലുള്ള സ്പെഷ്യൽ ഓഫീസറെ നിയമിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ശിപാർശ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇക്കോ ടൂറിസം പദ്ധതികൾ വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുമെന്നും വനാശ്രിതത്വം കുറയ്ക്കുമെന്നും പരിസ്ഥിതി അവബോധം വർദ്ധിപ്പിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി മെച്ചപ്പെട്ട വരുമാനവും ജീവിത നിലവാര ഉയർച്ചയും ലഭ്യമാക്കുക എന്നതാണ് ഇക്കോട്ടൂറിസത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന **VSS/EDC** കളാണ് ടി ഇക്കോട്ടൂറിസം പദ്ധതിയുടെ നടത്തിപ്പ്-പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. എല്ലാവർക്കും തൊഴിൽ ലഭിക്കത്തക്ക വിധത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ടി അംഗങ്ങളെ നിയോഗിച്ചു വരുന്നു. ഇതിലൂടെ വനാശ്രിതർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതുവഴി ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നു.<br><br>പരിസ്ഥിതി സംരക്ഷണത്തിന്റ പ്രാധാന്യം മനസ്സിലാക്കുന്നതിനായി ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി പഠന ക്ലാസ്സുകളും സ്കൂൾ കുട്ടികൾക്കായി പഠന ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇക്കോട്ടൂറിസം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ട്രെക്കിംങ്ങ് പരിപാടികളും നടത്തിവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റ പ്രാധാന്യം മനസ്സിലാക്കുന്നതിനായി പദ്ധതി പ്രദേശങ്ങളിൽ വനസംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച സൈൻ ബോർഡുകളും വനം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇത് പൊതുജങ്ങൾക്ക് വനത്തെയും വന്യജീവികളെയും അടുത്തറിയുന്നതിനും അതുവഴി പരിസ്ഥിതി സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ